# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20.01.2016

## ശമ്പള പരിഷ്കരണം നിരാശാജനകം

**-കെ എസ് ടി എ**

പത്താം ശമ്പളപരിഷ്കരണം നടപ്പാക്കാനുള്ള പ്രഖ്യാപനം നിരാശാജനകമാണെന്ന് കെഎസ്ടിഎ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളത്തിൽ കാലാനുസൃതമായ വർധനവ് വരുത്തുന്നതിന് പകരം കമ്മീഷൻ ശുപാർശ ചെയ്ത അടിസ്ഥാന ശമ്പളത്തിൽ നിന്നും വെട്ടിക്കുറവ് വരുത്തിയാണ് പരിഷ്കരണം പ്രഖ്യാപിച്ചിരിക്കുന്നത്. 900 കോടി രൂപയുടെ വെട്ടിക്കുറവാണ് നടത്തിയിരിക്കുന്നത്. കമ്മീഷന്റെ ശുപാർശ തന്നെ പ്രതിലോമകരമായിരുന്നു. കാലാനുസൃതമായ വർധനവ് കമ്മീഷൻപോലും ശുപാർശ ചെയ്തിരുന്നില്ല.

പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗം അധ്യാപകർക്ക് കമ്മീഷൻ ശുപാർശ ചെയ്ത അടിസ്ഥാന ശമ്പളത്തിൽ നിന്നും വലിയ വെട്ടിക്കുറവാണ് മന്ത്രിസഭ വരുത്തിയിരിക്കുന്നത്. ഒപ്ഷൻ നൽകാനുള്ള അവസരവും നിഷേധിച്ചിരിക്കുന്നു. പ്രമോഷൻ സാധ്യത കുറഞ്ഞ അധ്യാപകർക്ക് ഗ്രേഡ് ആനുകൂല്യങ്ങൾ വർധിപ്പിച്ചിട്ടില്ല.

പ്രതിലോമകരമായ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് രണ്ടാം ഘട്ട റിപ്പോർട്ട് ഇപ്പോൾ മറ്റിവെച്ചതെന്നും കരുതുന്നു. കമ്മീഷൻ ശുപാർശചെയ്ത അടിസ്ഥാന ശമ്പളമെങ്കിലും അനുവദിക്കണമെന്നും പ്രതിലോമകരമായ നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും കെഎസ്ടിഎ ജനറൽ സെക്രട്ടറി കെ സി ഹരികൃഷ്ണൻ ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി